കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടിച്ചത്)നമ്പർ.57/2014/നിയമം. തിരുവനന്തപുരം, 2014 ഏപ്രിൽ 16
1936 ചൈത്രം 26

## 2014-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2014-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി. - 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ , -

(1) 9-ാം ചട്ടത്തിൽ (4)-ാം ഉപചട്ടത്തിൽ "ഒരു വർഷക്കാലാവധി" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷക്കാലാവധി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 10-ാം ചട്ടത്തിലെ ശീർഷകത്തിൽ, "ഒരു വർഷത്തിനുശേഷമുള്ള" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷത്തിനുശേഷമുള്ള" എന്ന വാക്കുകളും, അതേതുടർന്നുള്ള പ്രാവർത്തിക ഭാഗത്തിൽ ,"ഒരു വർഷത്തിനകം" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷത്തിനകം" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,
നിയമ സെക്രട്ടറി

### വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന സമയ പരിധിക്കുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പൊതു ജനങ്ങൾ, പ്രത്യേകിച്ച് പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി ഒരു വർഷം എന്നത് അഞ്ചു വർഷം എന്ന് ഭേദഗതി വരുത്തുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.